**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5092** **20-03-2025 - ൽ മറുപടിയ്ക്ക്**

**ചാക്കോച്ചിറദേശം നിവാസികളുടെ പട്ടയ അപേക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മുകുന്ദപുരം താലൂക്ക് തൊറവ് വില്ലേജ് ചാക്കോച്ചിറദേശം നിവാസികളുടെ പട്ടയ അപേക്ഷകളുടെ നടപടി ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ; നടപടികൾ പൂർത്തീകരിച്ച് പട്ടയം നൽകുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (എ) | മുകുന്ദപുരം താലൂക്ക്, പുതുക്കാട് ഗ്രാമപഞ്ചായത്ത്, തൊറവ് വില്ലേജിലെ സർവ്വേ നമ്പർ 159-ൽപ്പെട്ടതും BTR പ്രകാരം ചാക്കോച്ചിറ പുറമ്പോക്ക് എന്ന് രേഖപ്പെടുത്തിയിട്ടുള്ളതുമായ ഭൂമി തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും പുനർനിക്ഷിപ്തം ചെയ്യുന്നതുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ആവശ്യപ്പെട്ടതിൻ പ്രകാരം ജോയിന്റ് ഡയറക്ടർ കരട് വിജ്ഞാപനം തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളതാണ് എന്നും ഭൂമി പുനർനിക്ഷിപ്തം ചെയ്യുന്നതുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും വിജ്ഞാപനം ലഭ്യമാകുന്ന മുറയ്ക്ക് പട്ടയം നൽകുന്നതിനുള്ള നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതാണ് എന്നും ലാൻഡ് റവന്യൂ കമ്മിഷണർ അറിയിച്ചിട്ടുണ്ട്.<br><br>ഇക്കാര്യത്തിൽ ഭൂമി സംബന്ധിച്ച് ചില വിവരങ്ങൾ ത.സ്വ.ഭ.വകുപ്പ് ആവശ്യപ്പെട്ടിട്ടുള്ളതും ആയതിൽ റിപ്പോർട്ട് നൽകുവാൻ ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നല്കിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ